# നാല് പവിത്ര മാസങ്ങൾ

''നിശ്ചയം, ആകാശഭൂമികളുടെ സൃഷ്ടിദിനത്തിൽ അല്ലാഹുവിന്റെ കിതാബിലെ മാസങ്ങളുടെ എണ്ണം പന്ത്രാകുന്നു. അവയിൽ നാലെണ്ണം യുദ്ധം നിരോധിക്കപ്പെട്ടവയാണ്''(വിശുദ്ധ ഖുർആൻ, തൗബ: 36). ''ദുൽഖഅ്ദഃ, ദുൽഹിജ്ജഃ, മുഹർറം, റജബ് എന്നിവയാണ് മേൽപറയപ്പെട്ട നാലു മാസങ്ങൾ''(തഫ്സീർ ജലാലൈനിഃ 158).

നബി(സ്വ)യുടെ പ്രബോധനത്തിന്റെ ആദ്യഘട്ടങ്ങളിൽ മേൽപറഞ്ഞ നാലു മാസങ്ങളിലെ പോരാട്ടങ്ങളെ ല്ലാം നിരോധിക്കപ്പെട്ടിരുന്നു. പിന്നീട് ഈ നിയമം പിൻവലിക്കപ്പെട്ടുവെന്നും യുദ്ധനിരോധനം ഇപ്പോൾ നിലവിലില്ലെന്നും ഇമാമുമാരായ ഖതാദ(റ), അത്വാഅ്(റ), സുഹ്രീ(റ), നവവി(റ) മുതലായവർ പ്രസ്താവിച്ചത് വളരെ ശ്രദ്ധേയമാണ് കലാൻ: 158). യുദ്ധം പാടില്ലെന്ന നിയമം എടുത്തുകളയപ്പെട്ടെങ്കിലും പ്രസ് തുത നാലു മാസങ്ങളുടെ മഹത്വം കുറഞ്ഞിട്ടില്ല. ബാക്കിയുള്ള എട്ടു മാസങ്ങളേക്കാൾ പുണ്യവും പ്രാധാന്യവും ഈ നാലു മാസങ്ങൾക്ക് ഇന്നുമു് (നിഹായ: 7/300).

വിശുദ്ധ ഹറമിൽ വെച്ച് അക്രമങ്ങളോ അനാവശ്യങ്ങളോ ചെയ്യരുതെന്ന് ഇസ്‌ലാം പഠിപ്പിച്ചു. ഈ വിശ്വാ സം നബി(സ്വ)യുടെ കാലത്തിനു മുമ്പ് മുശ്രിക്കുകൾക്കും ഉായിരുന്നു. മേൽപറഞ്ഞ നാലു മാസങ്ങളെയും അക്രമം പാടില്ലാത്ത നാളുകളായി അവർ എണ്ണുകയുായി.

ഹിജ്റ എട്ടാം വർഷത്തിൽ അബ്ദുൽ ഖൈസിന്റെ പ്രതിനിധികളായി റബീഅത്ത് ഗോത്രക്കാർ നബി(സ്വ)യെ സന്ദർശിക്കുകയും നബി(സ്വ) അവരെ സ്വീകരിക്കുകയും ചെയ്തപ്പോൾ റബീഅത്തുകാർ പറഞ്ഞു: ''അല്ലാഹുവിന്റെ പ്രവാചകരേ, യുദ്ധം പാടില്ലാത്ത മാസങ്ങളിലല്ലാതെ ഞങ്ങൾക്ക് അങ്ങയുടെ സാന്നിദ്ധ്യത്തിൽ വരാൻ നിവൃത്തിയില്ല. കാരണം മുളർ ഗോത്രത്തിലെ ശത്രുക്കൾ ഞങ്ങളെ തടയുന്നു....''(ബുഖാരി, മുസ്‌ലിം). സുദീർഘമായ ഒരു സംഭവ വിവരണത്തിൽ നിന്ന് അൽപഭാഗമാണ് മുകളിൽ ഉദ്ധരിച്ചിട്ടുള്ളത്. ഇമാം മുല്ലാ അലിയ്യുൽ ഖാദിരി(റ) പ്രസ്തുത ഹദീസിനെ വ്യാഖ്യാനിച്ചത് കാണുക: ''മറ്റു സന്ദർഭങ്ങളിൽ പ്രവാചക സന്നിധിയിലേക്ക് വരാൻ കഴിയാത്തതിന് റബീഅത്ത് ഗോത്രക്കാർ ബോധിപ്പിച്ച കാരണം സ്മരണാർഹമാണ്. ജാഹിലിയ്യഃ കാലത്ത് ജനങ്ങൾ പരസ്പരം നിരന്തരമായ യുദ്ധകോലാഹലങ്ങൾ നടത്താറുങ്കെിലും, പവിത്രമായ നാലു മാസങ്ങളിൽ, മാസങ്ങളുടെ മഹത്വവും കഅ്ബഃ സന്ദർശകരുടെ സൗകര്യങ്ങളും പരിഗണിച്ച് എല്ലാവിധ പേക്കൂത്തുകളിൽ നിന്നും കൊലവിളി, കൊള്ളകളിൽ നിന്നും അവർ വിട്ടുനിൽക്കുമായിരുന്നു. അതിനാൽ തെരുവീഥികളിലും വാഹനങ്ങളിലും ഭയം കൂടാതെ യഥേഷ്ടം വിലസാൻ ഈ നാലു മാസങ്ങളിൽ (മാത്രം) ജനങ്ങൾക്ക് ധൈര്യമുാകുന്നു. മദീനയിലേക്ക് വരുന്നതിനെ തടസ്സപ്പെടുത്തുന്ന മുളർ ഗോത്രത്തിലെ അക്രമികളുടെ ശല്യത്തിൽ നിന്ന് ഈ നാലു മാസങ്ങളിൽ റബീഅത്തുകാർ പരിപൂർണമായും സുരക്ഷിതരായിരുന്നു'' (മിർഖാത്: 1/77). അന്ധകാരയുഗത്തിലെ അക്രമികൾ പോലും നാലു പവിത്ര മാസങ്ങളെ ആദരിച്ചിരുന്നുവെന്ന് ഇതിൽ നിന്ന് ഗ്രഹിക്കാം.

നബി(സ്വ) ആഗതനാവുകയും ഇസ്‌ലാമിക തത്വങ്ങൾ പുനർജ്ജനിക്കുകയും ചെയ്ത ഘട്ടത്തിൽ ജാഹിലിയ്യഃ കാലത്തെ പലതും തള്ളിക്കളഞ്ഞെങ്കിലും ഈ നാലു മാസങ്ങളുടെ പ്രാധാന്യം തുടർന്നും അംഗീകരിച്ചു. ലേഖനാരംഭത്തിൽ പറഞ്ഞ ആയത്ത് ഇതിനു തെളിവാണ്. പിന്നീട് പല കാരണങ്ങളാൽ യുദ്ധനിരോധം മാത്രം ദുർബ്ബലപ്പെടുത്തുകയുായി. എന്നാൽ, കുറ്റങ്ങളും അക്രമങ്ങളും ചെയ്താൽ ഈ നാലു മാസങ്ങളിൽ പ്രത്യേക ശിക്ഷയാണ്. അബദ്ധത്തിൽ (മനഃപൂർവ്വമല്ലാതെ) കൊലപാതകം നടത്തിപ്പോയാൽ, മനഃപൂർവ്വം കൊലപ്പെടുത്തിയതിന്റെ ശിക്ഷയില്ല. എന്നാൽ, ''മക്കയിലെ ഹറമിൽ വെച്ചോ നാലു വിശുദ്ധ മാസങ്ങളിലോ അടുത്ത ബന്ധുവിനെയോ അബദ്ധത്തിൽ കൊല ചെയ്താൽ മനഃപൂർവ്വം കൊല ചെയ്തതിന്റെ വിധിയാണതിനുള്ളത്. ഇത് സ്വഹാബികളിലെ ഒരു വിഭാഗം നടപ്പിലാക്കുകയും മറ്റുള്ളവർ അംഗീകരിക്കുകയും ചെയ്ത സമ്പ്രദായമാണ്. മക്കയിലെ ഹറമിന്റെയും സ്വന്തം രക്തബന്ധുക്കളുടെയും നാലു മാസങ്ങളുടെയും പവിത്രത പരിഗണിച്ച്, ഇവയുമായി കൊലപാതകം ബന്ധപ്പെടുന്നതിനെ ഗൗരവപൂർവ്വം തടയുന്നതിനാണ് ഇങ്ങനെ വിധിയുായത്. മദീനയിലെ ഹറം, ഹജ്ജിന് ഇഹ്റാം ചെയ്ത സന്ദർഭം, റമളാൻ, മുലകുടി വഴിയോ വിവാഹം വഴിയോ ഉള്ള ബന്ധു എന്നിവക്കൊന്നും മേൽപറഞ്ഞ വിധി ബാധകമല്ല''

(ഫത്ഹുൽ മുഈൻ:439, തുഹ്ഫ:8/451þ–453, നിഹായ:7/300, 301).

കൊലപാതകമല്ലാത്ത മറ്റു തെറ്റുകൾക്കും മേൽപറഞ്ഞ നാലു മാസങ്ങളിൽ കൂടുതൽ ഗൗരവമു്. ''ഹറമിൽ വെച്ചോ ഇഹ്റാമിന്റെ സന്ദർഭത്തിലോ ചെയ്യുന്ന തെറ്റുകൾക്ക് കഠിന ശിക്ഷയുള്ളതുപോലെ, യുദ്ധം നിരോധിക്കപ്പെട്ടിരുന്ന നാലു മാസങ്ങളിലെ തെറ്റുകൾക്ക് മറ്റുള്ള എട്ടു മാസങ്ങളേക്കാൾ കൂടുതൽ ശിക്ഷയു്'' (കലാൻ: 158). മേൽപറഞ്ഞ നാലു മാസങ്ങളിൽ ചെയ്യുന്ന തെറ്റുകൾ, മറ്റു മാസങ്ങളേക്കാൾ എത്രയോ ഇരട്ടി ശിക്ഷാർഹമാണെന്ന് ഇമാം ഇബ്നു അബ്ബാസ്(റ) പറഞ്ഞിട്ടു് (ഇമാം ആലൂസീ(റ)യുടെ ഗാലിയതുൽ മവാഇള്: 2/85). വിശുദ്ധ ഖുർആൻ തന്നെ പറയുന്നു: ''യുദ്ധം നിരോധിക്കപ്പെട്ട നാലു മാസങ്ങളിൽ നിങ്ങളുടെ ശരീരത്തോട് നിങ്ങൾ അക്രമം ചെയ്യരുത്''(തൗബ: 36). ''തെറ്റുകൾക്ക് കഠിന ശിക്ഷയുള്ള മാസങ്ങളായതിനാൽ ഒരു തെറ്റും ചെയ്യരുതെന്നാണ് ഇവിടെ ഉദ്ദേശ്യം'' (ജലാലൈനി:158). തെറ്റുകൾ വർജ്ജിച്ചാൽ മാത്രം പോരാ; നന്മകൾ വർദ്ധിപ്പിക്കുകയും വേണം. ഇമാം ആലൂസി(റ) പറയുന്നു: ''ഈ നാലു മാസങ്ങളിൽ ചെയ്യുന്ന നന്മകൾക്ക് എത്രയോ മടങ്ങ് പ്രതിഫലമുന്നെ് ഇബ്നു അബ്ബാസ്(റ) പറഞ്ഞിട്ടു്'' (ഗാലിയത്ത്: 2/85).

സുന്നത്തായ വ്രതാനുഷ്ഠാനത്തിന് ഈ നാലു മാസങ്ങൾ ഏറ്റവും അനുയോജ്യവും ഉത്തമവുമാണെന്ന് ഇമാമുകൾ രേഖപ്പെടുത്തിയിട്ടു്. ''റമളാൻ മാസം കഴിഞ്ഞാൽ മറ്റു മാസങ്ങളിൽ വെച്ച് നോമ്പിന് ഏറ്റവും ശ്രേഷ്ഠമായത് യുദ്ധം നിരോധിക്കപ്പെട്ടിരുന്ന നാലു മാസങ്ങളാണ്'' (ഫത്ഹുൽ മുഈൻ:204, നിഹായ:3/205). ''വിശേഷ ദിനങ്ങളിൽ നോമ്പെടുക്കൽ വളരെ ശക്തിയായ സുന്നത്താണ്. അത്തരം ദിനങ്ങൾ ആഴ്ചയിലും മാസത്തിലും വർഷത്തിലും ആവർത്തിച്ചു വരുന്നു്. വർഷത്തിൽ ഒരു തവണ വീതം വരുന്നത് റമളാൻ കഴിഞ്ഞാൽ അറഫ ദിനവും ആശൂറാഅ് ദിനവും ദുൽഹിജ്ജ, മുഹർറം മാസങ്ങളിലെ ആദ്യത്തെ പത്ത് ദിനങ്ങളുമാണ്. യുദ്ധം നിഷിദ്ധമാക്കപ്പെട്ടിരുന്ന നാലു മാസങ്ങൾ മുഴുവൻ സുന്നത്ത് നോമ്പിന് സുവർണ്ണാവസരം തന്നെയാണ്. ഇതെല്ലാം അതിശ്രേഷ്ഠമായ ദിനങ്ങളാണ്. ദുൽഹിജ്ജ, മുഹർറം, റജബ്, ശഅബാൻ എന്നീ നാലു മാസങ്ങളാണ് വിശേഷ മാസങ്ങൾ'' (ഇഹ്യാഉ ഉലൂമിദ്ദീൻ: 1/237). യുദ്ധം ഹറാമാക്കപ്പെട്ടിരുന്ന നാലു മാസങ്ങൾ മുഴുവനും നോമ്പെടുക്കൽ സുന്നത്തു തന്നെയാണെന്ന് ഇമാം ജുർജാനി(റ)യും മറ്റും ഖണ്ഢിതമായി പറഞ്ഞിട്ടുന്നെ് ഇമാം ഇബ്നുഹജർ(റ) ശർഹുൽ ഉബാബിൽ വ്യക്തമാക്കി (ശർവാനീ: 3/461). വിശേഷ മാസങ്ങൾ മുഴുവൻ സുന്നത്തു നോമ്പിന് സുവർണ്ണാവസരമാണ് എന്നു പറയുമ്പോൾ അതിൽപെട്ട ദുൽഹിജ്ജയിലെ 10, 11, 12, 13 ദിവസങ്ങൾ (ബലിപെരുന്നാളും അയ്യാമുത്തശ്രീഖും) ഒഴിവാക്കേതാണ്. പ്രസ്തുത ദിവസങ്ങളിലും ശവ്വാൽ ഒന്നിനും (ഈദുൽ ഫിത്വ്ർ) വ്രതാനുഷ്ഠാനം ഹറാമാണ് (തുഹ്ഫ:3/417, നിഹായ:3/173, ഫത്ഹുൽ മുഈൻ:204).

END